## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 942** **11-02-2025 - ൽ മറുപടിയ്ക്ക്**

## വന്യജീവി ആക്രമണം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം അതിരൂക്ഷമായി തുടരുകയും എട്ടു വർഷത്തിനിടെ വന്യജീവി ആക്രമണങ്ങളിൽ ആയിരത്തോളം മനുഷ്യർ കൊല്ലപ്പെടുകയും ചെയ്ത സ്ഥിതിവിശേഷം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഗൗരവത്തോടെയാണ് കാണുന്നത് . 2017-18 മുതൽ 2024-25 (31/01/2025) വരെയുള്ള എട്ടു വർഷക്കാലത്ത് സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടിട്ടുള്ളത് 774 പേരാണ്. അതിൽ 516 (66.67%) പേരും മരണപ്പെട്ടിട്ടുള്ളത് വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമാണ്. കഴിഞ്ഞ മൂന്നു വർഷത്തെ സംഘർഷങ്ങളും മരണനിരക്കും പരിശോധിച്ചാൽ മുൻ കാലങ്ങളെ അപേക്ഷിച്ച് മനുഷ്യ-വന്യജീവി സംഘർഷം മൂലം മരണനിരക്ക് കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. |
| (ബി) | ഓരോ നിമിഷവും ഭീതിയുടെ മുൾമുനയിൽ നിൽക്കുന്ന വനയോര മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സാധ്യമായിട്ടുള്ള എല്ലാ നടപടികളും സർക്കാരും വനം വകുപ്പും സ്വീകരിക്കുന്നുണ്ട്. സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. വനമേഖലകളിൽ ജലലഭ്യത ഉറപ്പ് വരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ ചെക്ക്ഡാമുകളും, 574 വയലുകളും, വാട്ടർഹോൾസ് തുടങ്ങി 308 ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്.<br>2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>3. വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, |

യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്റ്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചു വരുന്നു.

4. വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തി വരുന്നുണ്ട്.

5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുടെ പ്രവർത്തികൾ വിവിധ ലാൻഡ് സ്കേപ്പുകളിൽ പുരോഗമിച്ചു വരുന്നു.

6. "മിഷൻ സോളാർ ഫെൻസിംഗ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന കർമ്മ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

7. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ സോളാർ ഹാംഗിങ്ങ് ഫെൻസിംഗും 10 കി.മീ റെയിൽ ഫെൻസിംഗും 0.11 കി.മീ അയൺ ഫെൻസിംഗും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

8. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കി.മീ ദൈർഘ്യത്തിലും 1.92 കി.മീ ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാൾ-ഉം 1.58 കി.മീ. ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കി.മീ. ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

9. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 കോടി രൂപയുടേയും, ട്രാഞ്ചെ XXIX ൽ വിവിധ പ്രതിരോധ

നിർമ്മിതികൾക്കായി ലഭിച്ച 6203.02 കോടി രൂപയു-
ടേയും പ്രവർത്തികൾ നിർമാണ പുരോഗതിയിലാണ്.
10. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗം, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗം അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗം നടത്തുന്നുണ്ട്.
11. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്ത് ഉടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടു-
ത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.
12. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.
13. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.
14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനു-
സൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർദ്ധ-
നവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കി വരികയാണ്.
15. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25/02/2024 ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28/05/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ്

നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

17. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.

18. ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

19. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേഴ്സ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

20. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന് മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

21. വന്യജീവി സംഘർഷ ബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്ത

| | | | |
|---|---|---|---|
| | | | നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.<br>22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിത ഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.<br>23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.<br>24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ളനിർ-ദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖല-കളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. |
| (സി) | വന്യജീവി ആക്രമണം തടയുന്നതിനു ബജറ്റിൽ വകയിരുത്തിയ തുക കാര്യക്ഷമമായി ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | സംസ്ഥാനത്തുടനീളമുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ) & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലും സംസ്ഥാന പദ്ധതികളായ 2406-02-110-09 Measures to Reduce Man-Animal Conflict & 2406-01-800-92 Relief to Victims എന്നിവയിലുമാണ് തുക ലഭിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ മേൽ പരാമർശിച്ച രണ്ട് പദ്ധതി-കളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾക്ക് മാത്രം ഉള്ളവയല്ല.<br>മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ); 2406-02-110-52 IDWH – Outside PA (60:40 അനുപാ- |

| | | | |
|---|---|---|---|
| | | | തത്തിൽ); 2406-02-110-09 Measures to Reduce Man-Animal Conflict & 2406-01-800-92 Relief to Victims എന്നിവയിൽ ലഭിച്ച തുക യഥാക്രമം 75%; 82%; 85%; & 96% ചെലവഴിച്ചിട്ടുള്ളതാകുന്നു. |
| (ഡി) | പ്രസ്തുത തുക കാര്യക്ഷമമായി ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തുടനീളമുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ) & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലും സംസ്ഥാന പദ്ധതികളായ 2406-02-110-09 Measures to Reduce Man-Animal Conflict & 2406-01-800-92 Relief to Victims എന്നിവയിലുമാണ് തുക ലഭിച്ചുവരുന്നത്.<br>കേന്ദ്ര സർക്കാരിന്റെ മേൽ പരാമർശിച്ച രണ്ട് പദ്ധതികളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾക്ക് മാത്രം ഉള്ളവയല്ല.<br>മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ); 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ); 2406-02-110-09 Measures to Reduce Man-Animal Conflict & 2406-01-800-92 Relief to Victims എന്നിവയിൽ ലഭിച്ച തുക യഥാക്രമം 75%; 82%; 85%; & 96% ചെലവഴിച്ചിട്ടുള്ളതാകുന്നു. |

സെക്ഷൻ ഓഫീസർ